**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1218** **07-02-2023 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പേട്ട - ആനയറ - ഒരുവാതിൽകോട്ട റോഡ് നവീകരണ പ്രോജക്റ്റിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | പേട്ട ആനയറ-ഒരുവാതിൽക്കോട്ട റോഡ് പ്രവൃത്തിക്ക് 20-08-2016 ൽ തത്വത്തിൽ ഭരണാനുമതിയും 03.11.2020 ൽ കിഫ്ബിയിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിനായി ഉൾപ്പെടെ 133.60 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ സിവിൽ വർക്കും കെ.എസ്.ഇ.ബി.യുടെയും വാട്ടർ അതോറിറ്റിയുടെയും സീവേജ് മെയിൻ ലൈൻ ഉൾപ്പെടെ യുള്ള യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനും കൂടിയുള്ള കോംപോസിറ്റ് ടെൻഡർ ചെയ്യാനാണ് കിഫ്ബി നിർദ്ദേശിച്ചിരിക്കുന്നത്. സീവേജ് മെയിൻ ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 4.26 കോടി രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഡീറ്റൈൽഡ് കോംപോസിറ്റ് എസ്റ്റിമേറ്റ് 24.11.2022 ൽ നടന്ന 116-മത്തെ ടെക്നിക്കൽ കമ്മിറ്റിയിൽ സൂക്ഷ്മ പരിശോധന നടത്തി ഭേദഗതികൾ നിർദ്ദേശിച്ച് എസ്റ്റിമേറ്റ് പുനർസമർപ്പിക്കുവാൻ നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ തിരുത്തലുകൾ വരുത്തി ലഭിച്ച എസ്റ്റിമേറ്റ് അടുത്ത ടെക്നിക്കൽ കമ്മിറ്റിയിൽ പുനഃപരിശോധിച്ച് PRICE SOFTWARE മുഖേന സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യാവുന്നതാണ്. ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് സീവേജ് മെയിൻ ലൈനിന്റെ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയും. |
| (ബി) | പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ബി) | സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | മണ്ണന്തല - പൗഡിക്കോണം റോഡ് നവീകരണ പ്രോജക്റ്റ് ഉദ്യോഗസ്ഥ അലംഭാവം നിമിത്തം ഇഴഞ്ഞു നീങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മണ്ണന്തല - പൗഡിക്കോണം ശ്രീകാര്യം റോഡ് പ്രവൃത്തിക്ക് 10.07.2017 ൽ തത്വത്തിൽ ഭരണാനുമതിയും 08.03.2021 ൽ ഭൂമി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനായി ഉൾപ്പെടെ കിഫ്ബിയിൽ നിന്ന് 32.11 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ റീച്ച്- I -മണ്ണന്തല - സൊസൈറ്റി ജംഗ്ഷൻ - പൗഡിക്കോണം വരെയുള്ള ഭാഗത്തെ ചമയങ്ങളുടെ വില നിർണ്ണയിക്കുന്ന നടപടി പുരോഗമിക്കുന്നു. 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റീച്ച് -II - സൊസൈറ്റി ജംഗ്ഷൻ - ശ്രീകാര്യം റോഡിന്റെ കല്ലിടൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കണ്ടിൻജൻസി ചാർജ് ഇനത്തിൽ 50 ലക്ഷം രൂപ 02.07.2020ൽ കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. |
| (ഡി) | പൗഡിക്കോണം - ശ്രീകാര്യം റോഡ് നവീകരണ പ്രോജക്റ്റിന്റെ പുരോഗതി വിശദമാക്കാമോ? | (ഡി) | മണ്ണന്തല - പൗഡിക്കോണം ശ്രീകാര്യം റോഡ് പ്രവൃത്തിക്ക് 10.07.2017 ൽ തത്വത്തിൽ ഭരണാനുമതിയും 08.03.2021 ൽ ഭൂമി ഏറ്റെടുക്കുന്നതിനായി ഉൾപ്പെടെ കിഫ്ബിയിൽ നിന്ന് 32.11 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ റീച്ച്- I -മണ്ണന്തല - സൊസൈറ്റി ജംഗ്ഷൻ - പൗഡിക്കോണം വരെയുള്ള ഭാഗത്തെ ചമയങ്ങളുടെ വില നിർണ്ണയിക്കുന്ന നടപടി പുരോഗമിക്കുന്നു. 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റീച്ച് -II - സൊസൈറ്റി ജംഗ്ഷൻ - ശ്രീകാര്യം റോഡിന്റെ കല്ലിടൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കണ്ടിൻജൻസി ചാർജ് ഇനത്തിൽ 50 ലക്ഷം രൂപ 02.07.2020ൽ കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ